"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പ് - മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ - ഉദ്യോഗസ്ഥരെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2914/2025/LSGD തീയതി,തിരുവനന്തപുരം, 04-12-2025

പരാമർശം:-
1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 22.11.2025 തീയതിയിലെ ബി2/132/2025/സം.തി.ക നമ്പർ കത്ത്.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 23/08/2025 തീയതിയിലെ 25/2025/സം.തി.ക നമ്പർ വിജ്ഞാപനം

**ഉത്തരവ്**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 143-ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിയുടെ ആദ്യയോഗം വിളിച്ചു കൂട്ടുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ ഒരു അംഗത്തെ നാമനിർദ്ദേശം ചെയ്യുന്നതിനും ആ അംഗത്തിന്റെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ട ആവശ്യത്തിലേക്കും പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ചെയർപെഴ്സന്റെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ട ആവശ്യത്തിലേക്കും അതത് മുനിസിപ്പാലിറ്റികളിലേക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പിനുള്ള വരണാധികാരികളായി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള, അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ ഉദ്യോഗസ്ഥരെ, നാമനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവാകുന്നു. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ അതത് ജില്ലകളിലെ ജില്ലാ കളക്ടർമാരെ മേൽപ്പറഞ്ഞ ആവശ്യത്തിനായി നാമനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ(അർബൻ), തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.(ഇ എം 3/258/2025/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A സെക്ഷൻ ഓഫീസർ
Date: 04-12-2025 14:23:52